# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 26-06-2012

## ഏര്യാ ഇന്റൻസീവ് സ്കൂൾ -
## തെറ്റായ വാർത്ത നൽകിയ വിദ്യാഭ്യാസമന്ത്രിയക്ക് അധികാരത്തിൽ തുടരാൻ അർഹതയില്ല

**കെ.എസ്.ടി.എ**

ഏര്യാ ഇന്റൻസീവ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ ക്യാമ്പിനറ്റ് തീരുമാനിച്ചു എന്ന തെറ്റായ വാർത്ത ഭരണനേട്ടങ്ങളുടെ പട്ടികയിൽ പെടുത്തി പത്രങ്ങളിൽ പരസ്യം നൽകിയ വിദ്യാഭ്യാസ മന്ത്രിക്ക് അധികാരത്തിൽ തുടരാൻ അർഹതയില്ലെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി പ്രസ്താവനയിൽ പറഞ്ഞു. ഇത്തരം ഒരു തീരുമാനമെടുത്തില്ലെന്ന് മുഖ്യമന്ത്രി പ്രസ്താവിച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ ആരംഭിച്ച സ്കൂളുകളാണിവ. അവിടെ ജോലിചെയ്യുന്ന അധ്യാപകർക്ക് സംസ്ഥാന സർക്കാരാണ് ഇപ്പോൾ ശമ്പളം നൽകുന്നത്. നിശ്ചിത ശമ്പളമില്ലാതെ മറ്റാനുകൂല്യങ്ങളില്ലാത്ത അധ്യാപകർക്ക് മറ്റധ്യാപകരെപ്പോലെ ശമ്പളം നൽകുന്ന കാര്യം എൽ.ഡി.എഫ് സർക്കാർ തത്വത്തിൽ അംഗീകരിച്ചിരുന്നതാണ്. ഇത്തരത്തിലുള്ള 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നത് വലിയ അഴിമതിക്ക് ഇടയാക്കും. മുസ്ലീംലീഗിന്റെ നേതാക്കളാണ് ബഹുഭൂരിപക്ഷം സ്കൂളുകളുടെയും മാനേജർമാർ. മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും ചിത്രം ഉൾപ്പെടുന്ന സർക്കാർ പരസ്യത്തിലാണ് തെറ്റായ വാർത്ത പ്രസിദ്ധീകരിച്ചത്. വിദ്യാഭ്യാസ കച്ചവടക്കാർക്ക് അഴിമതിയ്ക്ക് വഴിയൊരുക്കുന്ന വിദ്യാഭ്യാസ മന്ത്രിയുടെ നടപടികൾ നിർത്തിവയ്ക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി